# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 533
### (29.10.2019-ലെ മറുപടിക്ക്)

**നിലമ്പൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. പി.വി. അൻവർ<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിലമ്പൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | നിലമ്പൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ: 92, സർവ്വേ നമ്പർ: 156/1-ൽ ജലവിഭവവകുപ്പിന്റെ കൈവശമുണ്ടായിരുന്ന 12.35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ലഭ്യമായിട്ടുണ്ട്. കെട്ടിടനിർമ്മാണം, ട്രഷറി അടിസ്ഥആന സൗകര്യവികസന പദ്ധതിയുടെ മൂന്നാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഘട്ടത്തിലുൾപ്പെട്ടിട്ടുള്ള 16 ട്രഷറി കെട്ടിടങ്ങളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് തയ്യാറാക്കി വരുന്നു. നിലമ്പൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് Detailed Project Report തയ്യാറാക്കുന്ന ജോലിയും അന്തിമ ഘട്ടത്തിലാണ്. Detailed Project Report ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ട്രഷറി വകുപ്പിനുണ്ടോ; | ഉണ്ട് |
| (സി) | നിലമ്പൂരിൽ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്; | Detailed Project Report ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കാനാവുകയുള്ളൂ. |
| (ഡി) | കെട്ടിട നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ? | മറ്റു തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ നിലവിലെ നിർമ്മാണ രീതിയിൽ ഈ സർക്കാരിന്റെ കാലത്തു തന്നെ നിലമ്പൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**